## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3857

31.01.2014- ൽ മറുപടിക്ക്

**പലിശയിളവ് നൽകാൻ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ സംഘങ്ങളിൽ നിന്നും ലോൺ എടുത്ത വ്യക്തി മരണപ്പെട്ടാൽ അദ്ദേഹത്തിന്റെ പേരിലുള്ള വായ്പയിൽ നിന്നും പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) സഹകരണ സംഘങ്ങളിൽ നിന്നും ലോൺ എടുത്ത വ്യക്തി മരണപ്പെട്ടാൽ അദ്ദേഹത്തിന്റെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒരു നിശ്ചിത പരിധി വരെയുള്ള വായ്പാ ബാദ്ധ്യത (ഇപ്പോൾ 1½ ലക്ഷം രൂപ മുതലും അതിന്റെ പലിശയും) ഒഴിവാക്കുന്നതിനായി കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 01.04.2008 മുതൽ നടപ്പിലാക്കി വരുന്നു. |
| ബി) പുതുതായി സ്ഥാപിച്ച റിസ്ക് ഫണ്ടിൽ നിന്നും ഇതിന് സഹായം നൽകുന്നുണ്ടോ; | (ബി) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വായ്പാ മുതൽ തുകയും അതിന്റെ പലിശയും എഴുതി തള്ളാൻ ധനസഹായം നൽകുന്നുണ്ട്. |
| സി) ഇതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്? | (സി) 01.04.2008 മുതൽ നടപ്പിലാക്കി വരുന്ന റിസ്ക് ഫണ്ട് പദ്ധതി നിബന്ധനയിൽ 30.03.2012-ലെ സ.ഉ(കൈ)42/2012/സഹ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തുകയും മാരക രോഗം ബാധിച്ച് കഷ്ടപ്പെടുന്നവരുടെ വായ്പ ബാദ്ധ്യതയിലെ 75,000/- രൂപ വരെയുള്ള മുതൽ തുകയും അതിന്റെ പലിശയും എഴുതി തള്ളുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. വായ്പ സഹകരണ സംഘങ്ങളിൽ നിന്നും വായ്പ നൽകുമ്പോൾ വായ്പ തുകയുടെ 0.25 ശതമാനം |

എന്ന നിരക്കിൽ കുറഞ്ഞത് 50/- രൂപയും പരമാവധി 375/- രൂപയും വായ്പക്കാരൻ വായ്പ തുക കൈപ്പറ്റുമ്പോൾ സഹകരണ സംഘത്തിൽ റിസ്ക് ഫണ്ട് പ്രീമിയമായി (ഒറ്റത്തവണ പ്രീമിയം) അടയ്ക്കേണ്ടതാണ്. ഇപ്രകാരം സ്വരൂപിക്കുന്ന വിഹിതവും സർക്കാരിൽ നിന്നും നൽകുന്ന ഗ്രാന്റ്, സംഭാവന എന്നിവയും ഉൾപ്പെടുന്ന കോർപസ് ഫണ്ട് ഉപയോഗിച്ചാണ് റിസ്ക് ഫണ്ട് ധനസഹായം നൽകുന്നത്. റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി മരണപ്പെട്ട ആളുടെ ആശ്രിതർ ബന്ധപ്പെട്ട സഹകരണ സ്ഥാപനം മുഖേന ബോർഡിലേയ്ക്ക് അപേക്ഷ സമർപ്പിക്കണം.

**സെക്ഷൻ ഓഫീസർ**